# (i) സത്യസാക്ഷ്യ പ്രഖ്യാപനം

ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാ- അല്ലാഹുവല്ലാതെ വേറെ ദൈവമില്ല. മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു- ഇതാണ് ഇസ്‌ലാമിനെ സമഗ്രമായി ഉൾക്കൊള്ളുന്ന അടിസ്ഥാന ആദർശം. ഈ ആദർശത്തെ പരസ്യമായി പ്രഖ്യാപിക്കുകയാണ് മുസ്‌ലിം ചെയ്യേണ്ട ഒന്നാമത്തെ നിർബന്ധ കർമം. ദൈവം ഉണ്ടെന്നും ഏകനാണെന്നും മുഹമ്മദ് ദൈവം നിയോഗിച്ച ദൂതനാണെന്നും മനസ്സിൽ കരുതിയതുകൊണ്ട് മാത്രം ഒരുവൻ മുസ്‌ലിമാകുന്നില്ല. അയാൾ തന്റെ വിശ്വാസം വാചാ സാക്ഷ്യപ്പെടുത്തുക കൂടി ചെയ്യേണ്ടതുണ്ട്. ഈ സാക്ഷ്യപ്പെടുത്തൽ, താൻ ദൈവത്തിന്റെ ദാസനാണെന്നും, മുഹമ്മദ്നബിയിലൂടെ ദൈവം നല്കിയിട്ടുള്ള വിധിവിലക്കുകളനുസരിച്ചു ജീവിക്കുന്നവനാണെന്നുമുള്ള ഒരു പ്രതിജ്ഞകൂടിയാകുന്നു. സത്യസാക്ഷ്യ വചനത്തിന്റെ പ്രഖ്യാപനത്തിലൂടെയാണ് ഒരാൾ സത്യവിശ്വാസിയും മുസ്‌ലിം സമൂഹത്തിൽ അംഗവുമായി പരിഗണിക്കപ്പെടുന്നത്.

സത്യസാക്ഷ്യ പ്രഖ്യാപനത്തിന്റെ സാധാരണ രൂപം, അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദർറസൂലുല്ലാ- അല്ലാഹുവല്ലാതെ വേറെ ദൈവമില്ലെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു-എന്നാണ്.

ഈ വാക്യങ്ങൾ തികഞ്ഞ അർഥബോധത്തോടെയും സ്വയം സമ്മതത്തോടെയും ഉച്ചരിക്കുന്നതോടെ ഒരാൾ മുസ്‌ലിമായിത്തീരുന്നു- അയാൾ അതുവരെ ഏതു മതക്കാരനായിരുന്നാലും ശരി. ഈ വചനം ഉച്ചരിക്കാത്തവൻ മുസ്‌ലിം സമുദായത്തിൽ ജനിച്ചവനായാലും മുസ്‌ലിമാവുകയില്ല. ഈ വചനത്തെ കലിമതുശ്ശഹാദഃ (സാക്ഷ്യവചനം) എന്നും കലിമതുത്തൗഹീദ് (ഏകദൈവത്വ വചനം) എന്നും പറയാറുണ്ട്. മലയാളികൾ ഇതിനെ കലിമഃ (വചനം) എന്നും ശഹാദതു കലിമഃ എന്നുമാണ് പറയാറുള്ളത്. സാക്ഷ്യ പ്രഖ്യാപനത്തെ 'കലിമഃ ചൊല്ലൽ' എന്നും പറഞ്ഞുവരുന്നു.